

വെളിയനാട് ഒലിപ്പുറത്തെ വയലോരക്കാഴ്ച.



വെളിയനാട് മേൽപ്പാഴൂർ മന.

# മുന്നേറണം, സാംസ്കാരിക ടൂറിസത്തിൽ

4

## കുതിപ്പ് കാത്ത് ടൂറിസം

പിറവം ● അദ്വൈത വേദാന്താചാര്യനായ ആദിശങ്കരന്റെ ജന്മംകൊണ്ട് പുണ്യമായ വെളിയനാട് മേൽ പാഴൂർ മനയാണ് എടയ്ക്കാട്ടുവയലിനെ ശ്രദ്ധേയമാക്കുന്നത്.

മേൽ പാഴൂർ മനയും സമീപത്തുള്ള വിവിധ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടു സാംസ്കാരിക ടൂറിസം എന്ന ആശയം പ്രഖ്യാപിച്ചിട്ട് ഏഴു വർഷം കഴിഞ്ഞെങ്കിലും ഇക്കാര്യത്തിൽ കാര്യമായ മുന്നേറ്റമൊന്നും ഉണ്ടായില്ല.

മനയോടു ചേർന്നുള്ള ചിന്മയ ഫൗണ്ടേഷനിൽ സംസ്കൃതത്തെ അടുത്തറിയുന്നതിനും ഗവേഷണത്തിനുമായി വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഒട്ടേറെ പ്രമുഖർ എത്താറുണ്ട്.

കുന്നും പാടശേഖരങ്ങളും നിറഞ്ഞ് പച്ചപ്പുള്ള മേഖലയാണ് എടയ്ക്കാട്ടുവയൽ. കൃഷിഭൂമി കൂടുതലായുള്ളതിനാൽ വിസ്തൃതിയിലും മുൻനിരയിലാണ് പഞ്ചായത്തിന്റെ സ്ഥാനം.

കാർഷിക രംഗവുമായി ബന്ധപ്പെട്ടുള്ള സാധ്യതകളും പ്രയോജനപ്പെടുത്താവുന്നതാണ്. പ്രത്യേകിച്ചും പാടശേഖരങ്ങളും മറ്റും ഏറെയുള്ള ഒലിപ്പുറം തിരുമറയൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളെല്ലാം സിനിമകളുടെയും സീരിയലുകളുടെയുമെല്ലാം സ്ഥിരം ലൊക്കേഷനായി മാറി തുടങ്ങിയ സാഹചര്യത്തിൽ. വ്യത്യസ്ത ഇനത്തിൽ പെട്ട വൻമരങ്ങൾ ചുറ്റുവട്ടത്തു കുട പിടിക്കുമ്പോഴും ആശ്രമ ശാന്തതയാണ് മേൽ പാഴൂർ മനയിൽ. ഇടവിട്ട് ഉയരുന്ന സംസ്കൃത ശ്ലോകങ്ങളും ചിന്മയ മിഷനിലെ അന്തേവാസികളുടെ പ്രാർഥനകളും ചിലപ്പോഴൊക്കെ നിശ്ശബ്ദതയെ ഭേദിക്കും.

ഈ മനയിൽ വച്ചാണ് ശങ്കരാചാര്യരുടെ ജനനവും വിദ്യാരംഭവും ഉപനയനവും നടന്നതെന്നാണ് വിശ്വാസം. കേരളീയ വാസ്തുശിൽപകലയുടെയും ദാരു ശിൽപകലയുടെയും മനോഹരമായ സമ്മിശ്രമാണ് നാലുകെട്ടു മാതൃകയിലുള്ള മന.

തടികൊണ്ടുള്ള മച്ചും മേൽക്കൂരയും ഭിത്തിയുമെല്ലാം ഏതു വേനൽകാലത്തും ഉള്ളിലെത്തുന്നവർക്ക് കുളിരു നൽകും.

ശങ്കരാചാര്യർ ജനിച്ച മുറിയിലും കെടാദീപം തെളിച്ചിട്ടുണ്ട്. മനോഹരമായ ആദിശങ്കര പ്രതിമയും സ്ഥാപിച്ചിരിക്കുന്നു. പ്രാർഥനാ അന്തരീക്ഷം അലതല്ലുന്ന സ്ഥിതിയാണിവിടെ അനുഭവപ്പെടുക. നടുമുറ്റവും തുളസിത്തറയും തെക്കിനി വടക്കിനിയും ഹോമകുണ്ഡവും നിലവറയും പത്തായപ്പുരയും അടുക്കളയും കിണറുമെല്ലാം ആദിമകാല പ്രൗഢിയോടെ ഇന്നും തലയെടുപ്പോടെ നില നിർത്തിയിട്ടുണ്ട്.

മനയോട് അനുബന്ധമായി ക്ഷേത്ര സമുച്ചയവും കുളവുമെല്ലാം പ്രാചീന തനിമ നഷ്ടപ്പെടാതെ ഉണ്ട്. 1889ൽ മനയുടെ അവകാശം സ്വാമി ചിന്മയാനന്ദ ഏറ്റെടുത്തു.

ആദിശങ്കര നിലയമെന്നു പുനർനാമകരണം നടത്തിയതും അദ്ദേഹമാണ്. ഇന്നു ചിന്മയ രാജ്യാന്തര കേന്ദ്രം എന്ന നിലയിൽ രാജ്യമെങ്ങും അറിയപ്പെടുന്ന ഗവേഷണ കേന്ദ്രമായി ഇവിടം മാറിക്കഴിഞ്ഞു.

നടക്കാവ് ഹൈവേയിൽ പേപ്പതി ജംക്ഷനിൽ നിന്നു വെളിയനാട് റൂട്ടിൽ ഒരു കിലോമീറ്ററോളം സഞ്ചരിച്ചാൽ ഇവിടെ എത്താം. മൂവാറ്റുപുഴയാറിനു കുറുകെ കോട്ടയം ജില്ലയുമായി ബന്ധിച്ച് ചെറുകര പാലം പൂർത്തിയായതോടെ വെള്ളൂർ റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെയുള്ളിടങ്ങളിൽ നിന്നും കുറഞ്ഞ സമയത്തിനുള്ളിൽ ചിന്മയയിൽ എത്തിച്ചേരാനാവും.

സംസ്കൃത ഭാഷയ്ക്കും ഭാരതീയ സംസ്കാരത്തിന്റെ വിവിധ ശാഖകളുടെ ഗവേഷണത്തിനും പഠനത്തിനും ഉതകുന്ന നിലയിൽ വിവിധ സർവകലാശാലകളുടെ സഹകരണത്തോടെ ശോധ സംസ്ഥാൻ എന്ന പേരിൽ അനുബന്ധ സ്ഥാപനവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 20,000 ഗ്രന്ഥങ്ങളടങ്ങിയ ലൈബ്രറിയിൽ ആയിരത്തി എണ്ണൂറോളം പുരാതന താളിയോല ഗ്രന്ഥങ്ങളും പ്രാചീന കയ്യെഴുത്ത് പ്രതികളും ഉൾപ്പെടുന്നു. പഴമയും പുതുമയും ഇടകലരുന്ന ഈ ക്യാംപസിൽ ആത്മീയവും സാംസ്കാരികവുമായ ഉന്നമനത്തിനുള്ള അപൂർവ അവസരമാണ് സഞ്ചാരികളെ കാത്തിരിക്കുന്നത്.

### സിനിമാ ചിത്രീകരണത്തിന്റെ പറുദീസയായി ഒലിപ്പുറം

● ഗ്രാമീണ തനിമയും പച്ചപ്പും പകർത്തുന്നതിന് മുൻപ് മലയാള സിനിമാ മേഖല കൂടുതലായും ആശ്രയിച്ചിരുന്നത് ഒറ്റപ്പാലം ഷൊർണൂർ മേഖലയായിരുന്നു. പാടങ്ങളും ചേറു തോടുകളുമെല്ലാം ചേർന്നൊരുക്കിയിരുന്ന ദൃശ്യവിരുന്നായിരുന്നു ഇവിടുത്തെ പ്രത്യേകത. എന്നാൽ സിനിമ കൂടുതൽ വേഗത്തിലേക്ക് നീങ്ങുകയും ചിത്രീകരണ സങ്കൽപങ്ങൾ മാറുകയും ചെയ്തതോടെ ഇതിനെല്ലാം മാറ്റം വന്നു.

അടുത്തയിടെ സിനിമകളുടെ ചിത്രീകരണം എറണാകുളം ജില്ല കേന്ദ്രീകരിച്ചായതോടെ ഒറ്റപ്പാലത്തിന്റെ പദവിയിലാണ് എടയ്ക്കാട്ടുവയലിലെ ഒലിപ്പുറം. ഈ വർഷം മാത്രം ഇവിടെ ചിത്രീകരണത്തിനെത്തിയത് എട്ടോളം സിനിമ യൂണിറ്റുകളാണ്. ഒട്ടേറെ സീരിയൽ രംഗങ്ങളിലും ഇവിടുത്തെ പാടവരമ്പുകളും ഗ്രാമീണ ജീവിതവും പതിഞ്ഞിട്ടുണ്ട്. നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന വയലേലകളാണ് ഒലിപ്പുറം മേഖലയെ ശ്രദ്ധേയമാക്കുന്നത്.

നാലു ഭാഗത്തായി വ്യാപിച്ചു കിടക്കുന്ന വയലിനു മധ്യത്തിലൂടെ കടന്നുപോവുന്ന റെയിൽ പാത. പാടശേഖരങ്ങൾക്ക് അതിരിട്ട് ഒഴുകുന്ന തോട്. ചുറ്റും തെങ്ങും തണൽ മരങ്ങളും. മലയാള സിനിമ ന്യൂ ജെൻ കാലത്തിലൂടെ കടന്നു പോവുമ്പോഴും ഗ്രാമീണ പശ്ചാത്തലത്തിലുള്ള ഒരു ഷോട്ട് വേണമെങ്കിൽ ഇപ്പോൾ ആദ്യം പ്രൊഡക്ഷൻ കൺട്രോളറുടെ ഓർമയിലേക്ക് എത്തുന്നത് ഒലിപ്പുറമാവും.

എടയ്ക്കാട്ടുവയൽ വട്ടപ്പാറയിൽ നിന്നും മൂന്നു കിലോമീറ്റർ സഞ്ചരിച്ചാൽ ഒലിപ്പുറത്തെത്താം. വെള്ളൂരിൽ നിന്നും ചെറുകര പാലം കടന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവിടെ എത്താനാവും. ഒലിപ്പുറത്തിന്റെ പെരുമ കേട്ടറിഞ്ഞ് സമീപ ജില്ലകളിൽ നിന്നുള്ളവരുൾപ്പെടെയുള്ളവർ വൈകുന്നേരങ്ങളിൽ ഇവിടെ എത്തിത്തുടങ്ങിയിട്ടുണ്ട്. എന്നാൽ, ഇവർക്ക് വിശ്രമിക്കുന്നതിനോ കാറ്റു കൊള്ളുന്നതിനോ ഉള്ള സൗകര്യങ്ങളൊന്നുമില്ല. വയലോരത്ത് ചാരു ബെഞ്ചുകൾ പൂർത്തിയാക്കുകയും വഴിവിളക്ക് സ്ഥാപിക്കുകയുമൊക്കെ ചെയ്താൽ കൂടുതൽ പ്രയോജനകരമാവും. കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തി കോഫി ഷോപ്പുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതും ഗുണകരമാവും.

### ഗ്രാമീണ ടൂറിസം: സാധ്യതകൾ പ്രയോജനപ്പെടുത്താം

● ഉന്നത നിലവാരത്തിലുള്ള പഞ്ചനക്ഷത്ര ഹോട്ടലുകളും ആധുനിക സൗകര്യങ്ങളുള്ള പാർക്കുകളുമെല്ലാമാണ് ടൂറിസത്തിന്റെ മുഖമുദ്ര എന്ന സങ്കൽപം മാറുന്ന കാലഘട്ടമാണ് ഇപ്പോൾ. ജില്ലയുടെ കിഴക്കൻ മേഖലയിലെ പ്രകൃതി സമ്പത്തും തനതു രീതികളുമെല്ലാം ഫലപ്രദമായി വിനിയോഗിക്കാമെന്ന ആശയത്തിന് ബലം പകർന്ന് ജില്ലയിലെ കുമ്പളങ്ങിയുടെ വിജയഗാഥ മുന്നിലുണ്ട്.

കൊച്ചികായലിനാൽ ചുറ്റപ്പെട്ട ഒരു ചെറുദ്വീപിൽ എന്തു ടൂറിസം എന്നു സംശയിച്ചവർക്കുള്ള മറുപടിയാണ് ഇന്ന് ഇവിടെ എത്തുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം. കണ്ടൽക്കാടും കുമ്പളങ്ങിയുടെ തനതു ഭക്ഷണ വിഭവങ്ങളും ജീവിതശൈലിയുമെല്ലാമാണ് അവർ വിനോദ സഞ്ചാരികൾക്കു മുന്നിൽ അവതരിപ്പിച്ചത്.

വീടുകളോടു ചേർന്നു തന്നെ വിനോദസഞ്ചാരികൾക്കു താമസിക്കുന്നതിനായി ഹോം സ്റ്റേകളും കായലിൽ ബോട്ട് തുഴയുന്നതിനും മീൻ പിടിക്കുന്നതിനുമെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തി. തെങ്ങ് ഏറെയുള്ള നാട്ടിൽ കയർ പിരിക്കുന്നതും മടൽ തല്ലുന്നതും ഓല മെടയുന്നതുമെല്ലാം കൗതുക കാഴ്ചകളായി മാറി.

ഒരു സുപ്രഭാതത്തിൽ അവതരിപ്പിച്ച് വിജയത്തിലെത്തിയതല്ല കുമ്പളങ്ങിയുടെ ചരിത്രം. അത് ഒരു പതിറ്റാണ്ടിലേറെയായി തുടരുന്ന പടിപടിയായുള്ള മുന്നേറ്റത്തിന്റെ വിജയഗാഥയാണ്. പിന്തുണയുമായി ഒപ്പം നിന്ന കെ.വി. തോമസ് എംപിയെ പോലുള്ളവരുടെ കാഴ്ചപ്പാടുകളുമുണ്ട്.

ജില്ലയിലെ തന്നെ ഏറ്റവും വലിയ ശുദ്ധജല സ്രോതസായ മൂവാറ്റുപുഴയാറിന്റെ സാന്നിധ്യം തന്നെ പിറവം ഉൾപ്പെടുന്ന കിഴക്കൻ മേഖലയുടെ അനുഗ്രഹമാണ്. ഉൾനാടൻ മൽസ്യ സമ്പത്ത് വർധിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളിലൂടെ ഇവിടെ മൽസ്യ സമ്പത്തിൽ വൻ വർധനവാണ് ഉണ്ടായിരിക്കുന്നത്.

കുറഞ്ഞ ചെലവിൽ താമസ സൗകര്യം, കൊച്ചി നഗരവുമായും രാജ്യാന്തര വിമാനത്താവളവുമായും ബന്ധപ്പെട്ട് ഉന്നത നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ, ശുദ്ധജല ലഭ്യത, അന്തരീക്ഷ മലിനീകരണ തോതിന്റെ കുറവ്... ഗ്രാമീണ ടൂറിസം എന്ന ആശയത്തിനു കരുത്തു പകരുന്ന ഒട്ടേറെ ഘടകങ്ങൾ നമുക്കുമുണ്ട്. ഇവയെ ഏകോപിപ്പിക്കുന്നതിനുള്ള ശക്തമായ പിന്തുണയാണ് ഇനി ഉണ്ടാവേണ്ടത്.

(അവസാനിച്ചു)